Syro Malabar Commission for Liturgy




# വി. പത്താം പീയൂസ് മാർപാപ്പ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ കത്തോലിക്കാ സഭയെ നയിച്ച മാർപാപ്പയായിരുന്നു വി. പത്താം പീയൂസ്. ഇറ്റലിയിലെ ത്രോവീസോ പ്രവിശ്യയിലെ റീയേസോയിൽ 1835 ജൂൺ 02ന് ജനിച്ച ജുസേപ്പേ മെൽകിയോർ സാർത്തോ (ജോസഫ് സാർത്തോ) തികച്ചും ദരിദ്രവും സാധാരണവുമായ പശ്ചാത്തലത്തിലാണ് വളർന്നുവന്നത്. അദ്ദേഹത്തിന്റെ പിതാവ് ജോവാന്നി ബാത്തിസ്ത സാർത്തോ (ജോൺ സാർത്തോ) ഒരു തപാൽ ജീവനക്കാരനും അമ്മ മാർഗരീത്ത തയ്യൽ ജോലിക്കാരിയുമായിരുന്നു.

ഒരു വൈദികനാകാൻ ആഗ്രഹിച്ച ജോസഫ് സാർത്തോയ്ക്ക് പ്രതിബന്ധം സാമ്പത്തിക ബുദ്ധിമുട്ടായിരുന്നു. പാദുവാ സെമിനാരിയിൽ വികാരിയച്ചന്റെ ശുപാർശയോടെ പ്രവേശിക്കപ്പെട്ട ജോസഫ് പരിശീലനത്തിന് ശേഷം 1858 ൽ ഒരു വൈദികനായി അഭിഷിക്തനായി. സഭയിലെ വൈദികശുശ്രൂഷയിലെ എല്ലാ തലങ്ങളിലൂടെയും അദ്ദേഹം കടന്നുപോയി. തോമ്പോളോയെന്ന ഗ്രാമീണ ഇടവകയിലെ ചാപ്ലെൻ, സാൽസാനോയിലെ വികാരിയച്ചൻ, ത്രവീസോ രൂപതയിലെ ചാൻസലർ തുടങ്ങിയ നിലയിൽ ശുശ്രൂഷ ചെയ്ത അദ്ദേഹം ഇനത്തിന് നല്ല ഇടയവൈദീകനായിരുന്നു. പരി. കുർബാനയോട് അതീവഭക്തി പുലർത്തിയിരുന്ന ജോസഫ് സാർത്തോ അച്ചൻ യുവജനങ്ങളെ സഭയിലേയ്ക്ക് അടുപ്പിക്കുന്നതിന് വേണ്ടി സ്കൂളുകൾ തുടങ്ങി, മുതിർന്നവർക്ക് വേണ്ടി സാഹായ്ന സമ്മേളന പദ്ധതികളും. ഇടവക ജനത്തിന് വേണ്ടി മാത്രമായി സാൽസാനോയിൽ വിശ്വാസപരിശീലന പദ്ധതികൾ പോലും അദ്ദേഹം ക്രമീകരിച്ചിരുന്നു. 1884 ൽ മാന്തുവാ രൂപതയുടെ മെത്രാനായി നിയമിതനായ അദ്ദേഹം 1894 ൽ വെനീസിന്റെ പാത്രിയർക്കീസും കർദ്ദിനാളുമായി. ലിയോ 13 മൻ പാപ്പയുടെ മരണത്തെ തുടർന്ന് 1903 ൽ മാർപാപ്പയായി തെരെഞ്ഞെടുക്കപ്പെട്ട അദ്ദേഹം പത്താം പീയൂസ് എന്ന നാമധേയം സ്വീകരിച്ചു. 1914 വരെ പത്രോസ് ശ്ലീഹായുടെ പിൻഗാമിയെന്ന തന്റെ ശുശ്രൂഷ നിർവഹിച്ച പാപ്പ ഒന്നാം ലോകമഹായുദ്ധത്തിലെ പ്രാരംഭ കെടുതികളും സഹനങ്ങളും കണ്ട് വേദനയോടെയാണ് ലോകത്തിൽനിന്ന് പിൻവാങ്ങിയത്.

മോഡേണിസ്റ്റ് ആശയങ്ങൾക്ക് എതിരെ നിലകൊണ്ട പത്താം പീയൂസ് മാർപാപ്പ, എല്ലാ ഇടവകകളിലും വിശ്വാസപരിശീലനം നടത്തണമെന്ന് നിർദേശിക്കുകയും ഒരു ക്യാറ്റിക്കിസം ക്രമം 1905 ൽ പുറത്തിറക്കുകയും ചെയ്തു. ദിവ്യകാരുണ്യത്തിന്റെ പാപ്പയെന്നറിയപ്പെടുന്ന പത്താം പീയൂസ് പാപ്പയാണ് തിരിച്ചറിവിന്റെ പ്രായം മുതൽ കുട്ടികൾക്ക് ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള അനുമതി നൽകിയത്. 1914 ആഗസ്റ്റ് 20 ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട അദ്ദേഹം 1954 മെയ് 29 ന് വിശുദ്ധനെന്ന് നാമകരണം ചെയ്യപ്പെട്ടു.

ഫാ.മാത്യു കൊച്ചാദംപിള്ളിൽ
കോട്ടയം

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്

21-08-2021

Read More:www.syromalabarliturgy.org